ആമുഖം

മുഴപ്പിലങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ2026-27 സാമ്പത്തിക വർഷത്തെ കരട് ബഡ്ജറ്റാണ് വൈസ് പ്രസിഡണ്ട് ശ്രീമതി നിമിഷ ഇന്ന് അവതരിപ്പിക്കുന്നത്. ആദ്യമായി ബഡ്ജറ്റ് തയ്യാറാക്കിയ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അംഗങ്ങൾക്കും അക്കൌണ്ടന്റ് ഉൾപ്പെടെ പിന്നിൽ പ്രവർത്തിച്ച ഏവർക്കും നന്ദി അറിയിക്കുന്നു.

കണ്ണൂർ ജില്ലയുടെ തെക്ക് പടിഞ്ഞാറൻ അതിർത്തിയിലുള്ള നമ്മുടെ പഞ്ചായത്ത് വലുപ്പം കൊണ്ടും ജനസംഖ്യ കൊണ്ടും ചെറുതാണെങ്കിലും വൈവിധ്യങ്ങൾ കൊണ്ട് നിറഞ്ഞതാണ്. അറബിക്കടലിന്റെ ഓരം ചേരുമ്പോഴും ഏറ്റവു വലിയ ഡ്രൈവ് ഇൻ ബീച്ചും അഞ്ചരക്കണ്ടി പുഴയുടെ തീരത്ത് നിറഞ്ഞു നിൽക്കുന്ന കണ്ടൽക്കാടും ഉള്ളപ്പോൾ ആധുനികതയുടെ അടയാളങ്ങളായ റെയിൽവെയും, നാഷണൽ ഹൈവേയും നമ്മുടെ പഞ്ചായത്തിൽക്കൂടെ കടന്ന് പോകുന്നു. നാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും സാധ്യതകളും മറ്റ് പഞ്ചായത്തുകളിൽ നിന്നും വ്യത്യസ്ഥമാണ് എന്നതാണ് ഞാൻ പറഞ്ഞ്കൊണ്ട് വന്നത് .

കക്ഷി രാഷ്ട്രീയത്തിന്റെ അതിർ വരമ്പുകൾക്ക് അപ്പുറം നമ്മൾ പതിനേഴ് പേരും ഒറ്റകെട്ടായി ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ ഒന്നിച്ചു നിൽക്കുന്നുഎന്നുള്ളത് സന്തോഷത്തോടെയും ഏറെ അഭിമാനത്തോടേയും പറയാനാഗ്രഹിക്കുന്നു. ജനങ്ങൾക്ക് വേണ്ടിയും സ്വന്തം വാർഡിനുവേണ്ടിയും അടിപിടികൂടുമ്പോഴും തർക്കിക്കുമ്പോഴും സ്വന്തം പഞ്ചായത്ത് എന്ന അടിസ്ഥാന വിഷയത്തിൽ നാം ഒറ്റകെട്ടാണ്. തുടർന്നും നാടിന്റെ വികസനത്തിനും ശാശ്വത സമാധാനത്തിനും ഒരുമിച്ചുണ്ടാകണമെന്ന് മാത്രം ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു.

ബഡ്ജറ്റ് എന്നാൽ ഒരേകദേശ കണക്കാണ്. പ്രതീക്ഷിത വരവും പ്രതീക്ഷിത ചെലവും മുൻകൂട്ടി കണ്ട് പഞ്ചായത്തിന്റെ ഭാവി പ്രവർത്തനത്തിന്റെ രൂപ രേഖ തയ്യാറാക്കൽ എന്ന് വേണമെങ്കിൽ പറയാം പ്രതീക്ഷിത വരവ് എന്ന് പറയുമ്പോൾ സംസ്ഥാന സർക്കാറിന്റെ ബഡ്ജറ്റ് വിഹിതം ജന സംഖ്യാനുപാദത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തിനും ലഭിക്കുന്നുണ്ട്. എന്നാൽ നിർബന്ധിത മായി വെക്കേണ്ട പദ്ധതികൾക്ക് വകയിരുത്തി കഴിഞ്ഞാൽ മറ്റ് വികസന പദ്ധതികൾക്ക് തുക മതിയാവാറില്ല. ഈ വർഷം പോലെ വരുന്ന വർഷവും നമ്മുടെ ഭരണസമിതി ഏറ്റവും പ്രാധാന്യത്തോടെ ഊന്നൽ നൽകുന്നത് അധിക വിഭവ ശേഷി സമാഹരണത്തിനാണ്. നമ്മുടെ സ്വന്തം എം.എൽ.എ കൂടിയായ മുഖ്യമന്ത്രിയുടെ വികസന ഫണ്ട്, എം.പിഫണ്ട്, എം.എൽ എ ഫണ്ട്, ജില്ലാ- ബ്ലോക്ക് വിഹിതങ്ങൾ, മറ്റ്ഡിപ്പാർട്ട്മെന്റ് വഴി ലഭിക്കുന്ന ഫണ്ടുകൾ എന്നിവ പരമാവധി സമാഹരിക്കുകയും സുതാര്യവും,സമയബന്ധിതവുമായി ജനങ്ങളിലേക്ക് എത്തിക്കുകയും എന്നതാണ് നാം ഏറ്റവും പ്രാധാന്യത്തോടെ ലക്ഷ്യമിടുന്നത്.

സദ്ഭരണവും സുസ്ഥിര വികസനവുമാണ് വരും വർഷം നാം വിഭാവനം ചെയ്യുന്ന മറ്റൊരു പ്രധാന മേഖല. ജന പ്രതിനിധികളും, പെതുജനങ്ങളും, ഉദ്യോഗസ്ഥരും ഒരുമിച്ചു പ്രവർത്തിച്ചാലെ സുസ്ഥിര വികസനം സാധ്യമാവുകയുള്ളൂ. പരസ്പര വിശ്വാസവും, ബഹുമാനവും, സമർപ്പണവും

സാധ്യമാക്കി പൊതു സേവനത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും അതു വഴി അഴിമതി രഹിതവും സമയ ബന്ധിതവുമായി ജനങ്ങൾക്കുള്ള സേവനം സാധ്യമാക്കുന്നതിന് ഇവിടുത്തെ ഉദ്യോഗസ്ഥർക്ക് കഴിയുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.എളിമയും തെളിമയുമുള്ള സൌഹൃദാന്തരീക്ഷം ഓഫീസിനു് അകത്തും പുറത്തും നിലനിർത്തുന്നതിന് അവർക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

മാലിന്യ മുക്ത നവകേരളം എന്നത് സംസ്ഥാന സർക്കാറിന്റെ മുൻനിര പദ്ധതിയാണ്.സമ്പൂർണ മാലിന്യ മുക്തം എന്നത് കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമെ സാധ്യമാവുകയുള്ളൂ. ഹരിത കർമ്മ സേന പ്രവർത്തനവും, മാലിന്യം വേർതിരിക്കുന്നതും കൂടുതൽ കാര്യ ക്ഷമയോട് കൂടി ചെയ്യേണ്ടതുണ്ട് . ഹരിത കർമ്മസേനയിൽ കൂടുതൽ പേരെ നിയമിച്ച് അടുത്ത വർഷം കൂട്ടായ പ്രവർത്തനത്തിലുടെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കാൻ കഴിയുമെന്ന് കരുതുന്നു. ആയതിന്ന് നിങ്ങൾ ഓരോരുത്തരുടെയും സഹകരണം ഈ അവസരത്തിൽ ആവശ്യപ്പടുകയാണ്.

എല്ലായിടത്തും റോഡും വെളിച്ചവും സാധ്യമാക്കുക എന്നതും അടുത്ത വർഷം ഊന്നൽ നൽകുന്ന പദ്ധതിയാണ്.സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിനും തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന്നും അടുത്ത വർഷം കൂടുതൽ തുക വകയിരുത്തിയിട്ടുണ്ട്, ഗ്രാമീണ റോഡുകളുടെ കാര്യത്തിൽ നാം മറ്റ് പഞ്ചായത്തുകളെക്കാൾ ബഹുദൂരം മുന്നിലാണ്. ഇവയൊക്കെ കഴിഞ്ഞകാലങ്ങളിൽ ജനപ്രതിനിധികളുടെ ആവശ്യം കൂടി പരിഗണിച്ച് കൊണ്ട് നാം നേടിയെടുത്തതാണ്. ഇതിൽ രാഷ്ട്രീയത്തിന്റെ കൊടിയോ നിറമോ നോക്കിയിട്ടില്ലാ എന്നത് നിങ്ങൾക്ക് ഏവർക്കും അറിയുന്നതാണ്. മെയിന്റനൻസ് ഫണ്ട് ആവശ്യമില്ലാത്ത വാർഡുകൾ പോലുമുണ്ട്. ഗതാഗത കുരുക്ക് നിയന്ത്രിക്കുന്നതിനും, എൻ.എച്ച്, റെയിൽവെ കടന്ന് പോകുന്ന സ്ഥലങ്ങലിലെ വെള്ളക്കെട്ടിന് പരിഹാരവും നാം കാണേണ്ടിയിരിക്കുന്നു.

പാർശ്വ വൽക്കരിക്കപ്പെട്ട ജന വിഭാഗങ്ങൾക്ക് കൈത്താങ്ങാവുക എന്നത് ഏതൊരു ഭരണസമിതിയുടെയും പ്രധാനപ്പെട്ട കടമയാണ്. സമ്പൂർണ്ണ അതിദാരിദ്ര്യ മുക്ത ഗ്രാമ പഞ്ചായത്തായി ഇതിനകം നാം പ്രഖ്യാപിച്ചു കഴിഞ്ഞു. ഭിന്നശേഷിക്കാർ,വയോജനങ്ങൾ ശിശുക്കൾ എന്നീ വിഭാഗങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്ന പദ്ധതികൾ നാം വിഭാവനം ചെയ്തിട്ടുണ്ട്

പട്ടിക ജാതി ക്ഷേമം, മത്സ്യമേഖലയിലെ ജന വിഭാഗങ്ങളുടെ ക്ഷേമവും നാം മുൻതൂക്കം ൽകുന്ന മേഖലയാണ്. സമയ ബന്ധിതമായി ആനുകൂല്യം നൽകുന്നതിനും പരമാവധി പണം ചെലവഴിക്കുന്നതിനും ഈ മേഖലയിൽ ശ്രദ്ധതിക്കേണ്ടതുണ്ട്

വനിത ശിശുക്ഷേമ വികസനത്തിന് മികച്ച പ്രാധാന്യം നൽകിയിട്ടുണ്ട്. 2026-27ൽ എല്ലാ അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടം, മികച്ച ഭൌതിക സാഹചര്യം എന്നിവയാണ് ലക്ഷ്യമിടുന്നത്. ഓരോ പ്രദേശത്തേയും മുഴുവൻ കുട്ടികളും അതാത് സ്ഥലത്തെ അംഗനവാടികളിൽ എത്തുന്നുവെന്ന് നാം ഉറപ്പ് വരുത്തേണ്ടതുണ്ട്. സമൂഹത്തിന്റെ ഏറ്റവും

താഴെതട്ടിൽ ഏറ്റവും ചെറിയ പ്രായത്തിൽ കുട്ടികൾ ഒരുമിച്ച് കളിച്ച്, പഠിച്ച് വളർന്നാൽ മാത്രമെ നാളെ നമ്മുടെ സമൂഹത്തിലും പരസ്പര ഐക്യവും, സാഹോദര്യവും പുലർത്തുവാൻ സാധിക്കുകയുള്ളൂ. അതിന് മുഴുവൻ ജന പ്രതിനിധികളും മുന്നിട്ടിറങ്ങണമെന്ന് ഞാൻ ആഹ്വാനം ചെയ്യുകയാണ്.

കേരളത്തിൽ എല്ലായിടത്തും പോലെ കാർഷീക മേഖലയിലും മൃഗ സംരക്ഷണത്തിലും കർഷകർ പിന്നോക്കം നിൽക്കുകയാണ്. ഗുണനിലവാരമുള്ള തൈകൾ വിതരണം ചെയ്യും, ജൈവ വളം പ്രോത്സാഹിപ്പിച്ചും മേഖലയെ ശക്തിപ്പെടുത്തേണ്തുണ്ട്.

ആരോഗ്യ മേഖലയിൽ ഒട്ടനവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.സി.എച്ച്.സി യുടെ നേതൃത്വത്തിൽ സമഗ്ര ആരോഗ്യ പദ്ധതി ഉൾപ്പെടെയുള്ള ജനങ്ങളുടെ ആവശ്യങ്ങൾ സമയ ബന്ധിതമായി നിറവേറ്റുന്നുണ്ട്.

ടൂറിസം മേഖലയിൽ മുഴപ്പിലങ്ങാടിന് വ്യക്തമായ മേൽവിലാസമുണ്ട്. DTPC യുടെ നേതൃത്വത്തിൽ 223 കോടി രൂപയുടെ ചെലവിൽ ഒന്നാം ഘട്ടം പൂർത്തീകരിച്ചു വരുന്നു.ടൂറിസത്തെ ഉപയോഗപ്പെടുത്തി പ്രദേശത്ത് തൊഴിൽ സാധ്യതകൾ സൃഷ്ടിക്കുന്നതിനും നമുക്ക് കഴിയണം.

മുഖ്യമന്ത്രിയുടെ വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ സൌന്ദര്യവൽക്കരണം പദ്ധതി മണ്ഡലത്തിലെ മറ്റ് പഞ്ചായത്തിൽ തുടങ്ങിയെങ്കിലും,നാഷണൽ ഹൈവേയുടെ പ്രവർത്തികാരണം നമുക്ക് ലഭ്യമായിരുന്നില്ല. എന്നാൽ ഇപ്പോൾ ബഡ്ജറ്റിൽ 1 കോടി 25 ലക്ഷം മുഴപ്പിലങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങൾ മോടി പിടിപ്പിക്കുന്നതിന് വകയിരുത്തിയിട്ടുണ്ട്.

മുഴപ്പിലങ്ങാട് ഗ്രാമ പഞ്ചായത്തിൽ 17വാർഡുകളിൽ 215അയൽകൂട്ടങ്ങൾ പ്രവർത്തിക്കുന്നു. ആകെ 2874അംഗങ്ങളുണ്ട്. അതിൽ 98തീരദേശ അയൽക്കൂട്ടങ്ങളുണ്ട്. 2എസ്.സി അയൽകൂട്ടങ്ങളാണുള്ളത്. CEF ഫണ്ട്,പഞ്ചായത്ത്,ബ്ലോക്ക് പഞ്ചായത്ത്,ജില്ലാ പഞ്ചായത്ത് ഫണ്ടുകളിലായി വിവിധ വാർഡുകളിൽ 56വിവിധ സംരംഭങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിലവിൽ നിലവിൽ 1866കുടുംബങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. 347പേരാണ് സജീവ തൊഴിലാളികൾ. 2025-26സാമ്പത്തിക വർഷത്തിൽ നിലവിൽ 2പേർ 100 ദിവസം തൊഴിൽ ദിനം പൂർത്തികരിച്ചിട്ടുണ്ട്. 80 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം ചെലവ് നടത്തിയിട്ടുണ്ട് . 2024-25സാമ്പത്തിക വർഷത്തിൽ 146തൊഴിലാളികൾ 100 ദിവസം പൂർത്തീകരിക്കുകയും ഇവർക്ക് ഓണം അലവൻസായി 1200രൂപ വീതം നൽകുകയും ചെയ്തിട്ടുണ്ട്. വ്യക്തിഗത ആസ്തികളായ പശു തൊഴുത്ത്, ആട്ടിൻ കൂട്, കോഴിക്കൂട് ശുചിത്വത്തിന്റെ ഭാഗമായി കമ്പോസ്റ്റ് പിറ്റ് സോക്ക് പിറ്റ് എന്നിവയും നൽകി വരുന്നുണ്ട്.

ബഡ്ജറ്റിലെ നിർദ്ദേശങ്ങൾ തുറന്ന മനസ്സോടെ ചർച്ച ചെയ്യുന്നതിനും ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസനം മുൻ നിർത്തിയുള്ള അഭിപ്രായങ്ങൾ

ഉണ്ടാകണമെന്നും നിങ്ങൾ ഓരോരുത്തരോടും ഞാൻ ആവശ്യപ്പെടുന്നു. ഈ ഭരണസമിതിയുടെ കാലയളവിലെ ആദ്യബഡ്ജറ്റാണിത്. നാല് വർഷം മുമ്പ് നാം ഏറ്റെടുത്ത ഗ്രാമ പഞ്ചായത്തിനെ അതിലും മികച്ച രീതിയിൽ പുതിയ ഭരണ സമിതിക്ക് വരും വർഷം കൈമാറാൻ കഴിയുമെന്ന് എനിക്ക് ഉറപ്പുണ്ട്. അതിനായി സഹകരിച്ച എല്ലാവർക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി രേഖപ്പെടുത്താനും ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു.